ഉൾപ്പെടുന്നു.

പ്രവാചക പരമ്പരയിലെ അവസാനയാളായിട്ടാണ് മുഹമ്മദ് നബി (സ) നിയോഗിക്കപ്പെട്ടിട്ടുള്ളത്. ചരിത്രത്തിൻെറ വെളിച്ചം പരന്ന കാലഘട്ടമാണ് അദ്ദേഹത്തിൻേറത്. എഴുത്തും ലിപികളും അവയുടെ ഉപയോഗങ്ങളും വളരെ വ്യാപകമായ കാലം അതിനാൽ ഏത് കാലഘട്ടത്തിലേക്കും അനുയോജ്യമായതും പരിപൂർണ്ണമായതുമായ വേദം അല്ലാഹു അദ്ദേഹത്തിനു നൽകി. മുഹമ്മദ് നബി(സ)ക്കു ശേഷം മറ്റൊരു പ്രവാചകൻ വരാനില്ല എന്ന വിശ്വാസവും ഇസ്‌ലാമികാദർശത്തിൽ ഉൾക്കൊള്ളുന്നു.

Printed and Published by **Sathya Sarani,**
PB. No. 23, Manjeri - 676 121



# നമ്മുടെ ഇസ്‌ലാം—2

സത്യസരണി

# മലക്കുകളിലുള്ള വിശ്വാസം

ശാന്തമായ ഒരു രാത്രിയിൽ ആകാശത്തേക്ക് നോക്കിയാൽ എത്രയെത്ര നക്ഷത്രങ്ങളെയാണ് കാണാൻ സാധിക്കുക'' !. എത്ര വിശാലമാണ് നമ്മൾ ജീവിക്കുന്ന ഈ പ്രപപഞ്ചം. നമ്മൾ കാണുന്ന നക്ഷത്രങ്ങളിൽ നമ്മോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന നക്ഷത്രമാണ് സൂര്യൻ.

ഭൂമിയിൽ നിന്ന് 15 കോടിയോളം. കിലോമീറ്റർ അകലെയാണ് സൂര്യൻ സ്ഥിതി ചെയ്യുന്നത്. ആ സൂര്യനെ വലയം വെച്ചുകൊണ്ടിരിക്കുന്ന ഒരു ഉപഗ്രഹം മാത്രമാണ് ഭൂമി. ഇവിടെ നമ്മെ കൂടാതെ വേറേയും ജീവജാലങ്ങൾ ഉണ്ടല്ലൊ. അപ്പോൾ മറ്റു നക്ഷത്രങ്ങളെയും അവയെ വലയം വെച്ചുകൊണ്ടിരിക്കാവുന്ന മറ്റു ഗോളങ്ങളെയും കുറിച്ച് ഒന്നാലോചിച്ചുനോക്കൂ. പ്രപഞ്ചത്തിൽ നാം തനിച്ചായിരിക്കണമെന്നില്ലല്ലോ. ഭൂമിയിൽ തന്നെ നമുക്ക് കാണുവാനോ പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിച്ചറിയാനോ സാധിക്കാത്ത ധാരാളം ജീവികളുണ്ട്. അവയെ നാം അംഗീകരിക്കാറുമുണ്ട്. അത്തരത്തിലുള്ള ഒരു സൃഷ്ടിയാണ് മലക്കുകൾ. മലക്കുകളിൽ വിശ്വസിക്കുക എന്നത് ഇസ്ലാമികാ ദർശത്തിൻെറ അടിസ്ഥാന ശിലകളിൽ ഉൾപ്പെടുന്നു.

പ്രകാശത്തിൽനിന്നാണ് മലക്കുകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന് മുഹമ്മദ്നബി(സ) പറഞ്ഞിട്ടുണ്ട്. ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നാലും മനുഷ്യന് കാണാൻ സാധിക്കുന്ന പ്രകാശരശ്മികൾക്ക് പരിധിയുണ്ട് എന്ന് ആധുനിക ശാസ്ത്രം തെളിയിച്ചിരിക്കുന്നു. അതിനപ്പുറമുള്ളത് നമുക്ക വെറും ഇരുട്ടായിട്ടെ അനുഭവപ്പെടുകയുള്ളൂ. ശബ്ദവും അതുപോലെ തന്നെ. പ്രകാശത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ട

മലക്കുകളെ നമുക്ക് കാണാൻ സാധിക്കാത്തതിൽ അത്ഭുതപ്പെടാനില്ല.

മലക്കുകൾക്ക് അന്ന പാനീയങ്ങളില്ല. നിശ്ചിതമായ ആകൃതിയില്ല. ഏത് ആകൃതിയും സ്വീകരിക്കാവുന്ന സവിശേഷ പ്രകൃതിയോടെ അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

പ്രവർത്തനങ്ങളിൽ വിവേചനാധികാരം ഇല്ലാത്ത സൃഷ്ടികളാണ് മലക്കുകൾ. അവരോട് അല്ലാഹു എന്ത് കൽപിച്ചുവോ അണുകിട വ്യത്യാസമില്ലാതെ അത് അവർ നടപ്പാക്കുന്നു. അതിനു മാത്രമേ അവർക്ക് കഴിയുകയുള്ളൂ. മലക്കുകളുടെ വാസസ്ഥലം എവിടെയാണ് എന്ന് വ്യക്തമല്ല. ആകാശ ലോകത്ത് അവ വ്യാപിച്ചിരിക്കുന്നു എന്ന് മനസ്സിലാകുന്ന ധാരാളം സൂചനകൾ ഖുർആനിലും മുഹമ്മദ് നബി(സ)രുടെ വാക്കുകളിലും കാണാം.

മനുഷ്യർക്കിടയിലും അവർക്ക് ജോലി നൽകപ്പെട്ടിരിക്കുന്നു. ഓരോ മനുഷ്യനിലേക്കും ഈരണ്ട് മലക്കുകൾ നിയോഗിക്കപ്പെടുകയും അവൻെറ സർവ്വ പ്രവർത്തനങ്ങളും സംസാരങ്ങളും അവർ രേഖപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹുവിൻെറ കൽപനപ്രകാരം മനുഷ്യരെ മരിപ്പിക്കുന്നതും മലക്കുകളാണ്. പ്രവാചകൻമാരിലേക്ക് അല്ലാഹുവിൻെറ സന്ദേശങ്ങൾ എത്തിക്കുവാനും മലക്കുകൾ നിയോഗിക്കപ്പെടാറുണ്ട്. ജിബ്രീൽ(അ) എന്ന മലക്കായിരുന്നു മുഹമ്മദ് നബി(സ)യിലേക്ക് അല്ലാഹുവിൻെറ ഗ്രന്ഥമായ പരിശുദ്ധ ഖുർആനിനെ പടിപടിയായി ഇറക്കിക്കൊടുത്തിട്ടുണ്ടായിരുന്നത്. ജിബ്രീൽ എന്ന മലക്ക് മനുഷ്യ രൂപത്തിലും മുഹമ്മദ് നബി(സ) യെ സമീപിക്കുകയുണ്ടായിട്ടുണ്ട്.

ആദരണീയ സൃഷ്ടികളാണ് മലക്കുകൾ. അല്ലാഹുവിൻെറ കൽപനകൾ അവർ അപ്പടി അനുസരിക്കുന്നു എന്നാൽ വിവേചനാധികാരമുള്ള മനുഷ്യൻ അദൃശ്യമായിതന്നെ അല്ലാഹുവിനെ അനുസരിക്കുമ്പോൾ അവർ മലക്കുകളേക്കാൾ ഉന്നതരായി മാറുന്നു.



മലക്കുകൾ സദാസമയവും അല്ലാഹുവിൻെറ മുമ്പിൽ സുജൂദ് (സ്രാഷ്ടാംഗം) ചെയ്തുകൊണ്ടിരിക്കുകയും അവനെ പ്രകീർത്തിക്കുകയും അവനെ പരിശുദ്ധപ്പെടുത്തുകയും ചെയ്യുന്നു. സജ്ജനങ്ങളായ മനുഷ്യർക്ക്വേണ്ടി മലക്കുകൾ അല്ലാഹുവിനോട് പ്രാർത്ഥിക്കാറുണ്ട്. വിപരീത സാഹചര്യങ്ങളിൽ സത്യവിശ്വാസികളുടെ മനസ്സുകൾക്ക് ഉറപ്പു നൽകാൻ മലക്കുകൾ നിയോഗിക്കപ്പെടാറുമുണ്ട്.

## വേദങ്ങളിലുള്ള വിശ്വാസം

അറിവ് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അത് അവൻ മനസ്സുകളിൽ നിക്ഷേപിക്കുകയോ പ്രവാചകൻമാർ മുഖേന എത്തിച്ചുകൊടുക്കുകയോ വേദ ഗ്രന്ഥങ്ങളിൽ കൂടി വിവരിച്ചുകൊടുക്കുകയോ ചെയ്യുന്നു. ഓരോ കാലഘട്ടത്തിലും മനുഷ്യർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ എത്തിച്ചു കൊടുക്കൽ അല്ലാഹു ഏറ്റെടുത്തിട്ടുള്ള ബാധ്യതയാണ്. ആദിമനുഷ്യൻ ആദം നബി(അ) യെ സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കി ഭൂമിയിലേക്ക് വാസത്തിനയച്ച സന്ദർഭം പരിശുദ്ധ ഖുർആനിൽ അല്ലാഹു സ്മരിക്കുന്നു. "നാം അവരോട് പറഞ്ഞു. നിങ്ങൾ ഒന്നടങ്കം അതിൽ നിന്നും പുറത്ത് പോവുക. പിന്നീട് എൻെറ പക്കൽ നിന്ന് മാർഗ്ഗദർശനം എത്തിക്കഴിഞ്ഞാൽ എൻെറ മാർഗ്ഗത്തെ പിന്തുടർന്നവരോ അവരുടെ മേൽ ഭീതിയില്ല. അവർ ദുഃഖിക്കുകയുമില്ല"

ഖുർആൻ 2:38

പ്രവാചകൻമാർ മുഖേന അല്ലാഹു ജനങ്ങൾക്കെത്തിച്ചുകൊടുത്ത ദിവ്യ ബോധനങ്ങളാണ് വേദങ്ങൾ. അവ തന്നെയാണ് മേൽപറഞ്ഞ മാർഗ്ഗ ദർശനം. എല്ലാ പ്രവാചകൻമാർക്കും വേദങ്ങൾ നൽകപ്പെട്ടിട്ടില്ല. ആകെ എത്ര വേദങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന് കൃത്യമായി പറയുവാനും സാധിക്കുകയില്ല. കുറച്ച് വേദങ്ങളുടെ പേരുകൾ മാത്രമെ

പരാമർശിക്കപെട്ടിട്ടുള്ളു. മൂസാ നബിക്ക് അവതരിക്കപ്പെട്ട തൗറാത്തും ദാവൂദ് നബിക്ക് അവതരിക്കപ്പെട്ട സബൂറും ഈസാ നബിക്ക് നൽകപ്പെട്ട ഇഞ്ചീലും മുഹമ്മദ് നബിക്ക് നൽകപ്പെട്ട ഖുർആനുമാണ് അവ. എന്നാൽ വേറേയും വേദങ്ങൾ അല്ലാഹുവിൽ നിന്നും അവതീർണ്ണമായിട്ടുണ്ട് എന്നതിന് പരിശുദ്ധ ഖുർആനിൽ സൂചനയുണ്ട്.

"നിങ്ങൾ പറയുക ! അല്ലാഹുവിലും അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും ഇബ്രാഹീമിനും ഇസ്മായീലിനും ഇസ്ഹാക്കിനും യഅ്കൂബിനും യഅ്കൂബ് സന്തതികൾക്കും അവതരിച്ചു കൊടുത്തതിലും മൂസ്സാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും സർവ്വ പ്രവാചകർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്നും നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു." ഖുർആൻ 2:136

അവസാന വേദഗ്രന്ഥമാണ് പരിശുദ്ധഖുർആൻ. അതിനുമുമ്പ് വന്ന എല്ലാ വേദങ്ങളേയും ഖുർആൻ സത്യപ്പെടുത്തുകയും അവയെ ഉൾക്കൊള്ളുകയും ചെയ്യുന്നതോടൊപ്പം വരാനിരിക്കുന്ന ഏത് കാലഘട്ടത്തിലേക്കും മതിയായതായി അത് നിലനിൽക്കുകയും ചെയ്യുന്നു.

മുഹമ്മദ് നബി (സ) ക്ക് നാൽപത് വയസ്സ് തികയുന്നതിന് അൽപം മുമ്പ് ഏകാന്തവാസം നടത്താനുള്ള ഒരു പ്രവണതയുണ്ടായി. അദ്ദേഹം മക്കയിലെ മലമ്പ്രദേശത്തുള്ള "ഹിറാ" എന്ന ഗുഹയിൽ പോയി ധ്യാനത്തിലിരിക്കുക പതിവായി. അവിടെവെച്ചാണ് ഖുർആൻ അവതരിപ്പിക്കാൻ തുടങ്ങിയത്. ജിബ്‌രീൽ എന്ന മലക്ക് അവിടെ പ്രത്യക്ഷപ്പെടുകയും നബി(സ)യോട് പാരായണം ചെയ്യാൻ ആവിശ്യപ്പെടുകയും ചെയ്തു. എഴുതിവെച്ച ഏടുകളായിട്ടല്ല ഖുർആൻ അവതരിക്കപ്പെട്ടിട്ടുള്ളത്. ഘട്ടംഘട്ടമായി സന്ദർഭോചിതമായും നബി(സ) യുടെ മനസ്സിലേക്ക് ജിബ്‌രീൽ [അ) അത് പാരായണം



ചെയ്തുകൊടുത്തു.

ഖുർആനിലെ വിശ്വാസപരവും അനുഷ്ടാനപരവുമായ എല്ലാ കാര്യങ്ങളും സ്വീകരിക്കപ്പെടേണ്ടതാണ്. പടിപടിയായി അവതരിച്ചുകിട്ടിയ ഖുർആനിനെ മുസ്‌ലിംകൾ പരിപൂർണ്ണമായി ഉൾക്കൊള്ളുകയായിരുന്നു. അതിൽ ഓരോ വചനവും ജീവിതത്തിൽ നടപ്പിലാക്കുവാൻ അവർ നിർബദ്ധ ബുദ്ധി കാണിച്ചു. ലോകത്തിൻെറ തന്നെ ഗതി മാറ്റിമറിക്കാൻ അത് കാരണം അവർക്ക് സാധിച്ചു. മതപരം, സാംസ്ക്കാരികം, സാമ്പത്തികം, സാമൂഹികം, വൈജ്ഞാനികം എന്നീ തുറകളിൽ ലോകത്തിന് മുഴുവനും മാർഗ്ഗദർശനം നൽകുവാനും നേതൃത്വം നൽകുവാനും അവർക്ക് കഴിഞ്ഞത് ഖുർആനിൻെറ സ്വാധീനം കൊണ്ടായിരുന്നു.

വേദഗ്രന്ഥങ്ങളിൽ അവസാനത്തേതും പരിപൂർണ്ണവുമാണ് പരിശുദ്ധ ഖുർആൻ. അത് പഠിക്കുകയും പാരായണം ചെയ്യുകയും. അതിലെ നിർദ്ദേശങ്ങൾ അണുകിട വ്യത്യാസമില്ലാതെ ജീവിതത്തിൽ പകർത്തുകയും ചെയ്യൽ മുസ്‌ലിംകളുടെ ബാധ്യതയാണ്. അല്ലാഹുവിൻെറ വചനങ്ങളെ മൂടിവെക്കാതെ അതിനെ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കലും സത്യവിശ്വാസികളുടെ ഉത്തരവാദിത്തങ്ങളിൽ ഉൾപ്പെടുന്നു.

വിശ്വസിനീയതയിൽ ആർക്കെങ്കിലും സംശയം ഉണ്ടെങ്കിൽ അത്പോലുള്ള ഒരു ഗ്രന്ഥമോ അല്ലെങ്കിൽ അതിലുള്ളത് പോലെയുള്ള ഒരദ്ധ്യയമോ പകരമായി കൊണ്ടു വരാനുള്ള ഖുർആനിൻെറ വെല്ലുവിളി ഇന്നും നിലനിൽക്കുന്നു. പരിശുദ്ധ ഖുർആനിനു മുമ്പ് ഇറക്കപ്പെട്ട പല വേദങ്ങളും നഷ്ടപ്പെട്ട് പോവുകയോ മാറ്റിമറിയിക്കപ്പെടുകയോ ഉണ്ടായിട്ടും ഖുർആൻ ഇന്നും വ്യത്യാസമില്ലാതെ നിലനിൽക്കുന്നു. പരിശുദ്ധ ഖുർആൻ പുസ്തകരൂപത്തിൽ ക്രോഡികരിക്കപ്പെട്ടിട്ടുള്ളതിനെ

''മുസ്ഹഫ്'' എന്നാണ് പേര് പറയുക. 1963 ഈജിപ്തിലെ ഒരു ലൈബ്രറിയിൽ നിന്നും പ്രവാചകൻെറ പ്രധാന ശിഷ്യരിൽപ്പെട്ട ഖലീഫ ഉസ്മാൻ(റ)വിൻെറ കാലഘട്ടത്തിൽ ക്രോഡീകരിക്കപ്പെട്ട ഒരു മുസ്ഹഫ് കണ്ടെടുക്കുകയുണ്ടായി. അതും ഇന്ന് ലോകത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള ഖുർആൻ കോപ്പികളും തമ്മിൽ ഒരു വാക്കിൽപോലും വ്യത്യാസമില്ലാതെ സമാനത പുലർത്തുന്നു. ''അൽ അമീൻ ''(വിശ്വസ്ഥൻ) എന്ന പേരിൽ ഏവരാലും അംഗീകരിക്കപ്പെട്ട വ്യക്തിയായിരുന്നു മുഹമ്മദ് നബി(സ). നിരക്ഷരനായിരുന്ന മുഹമ്മദ് നബി(സ) സ്വയം ഉണ്ടാക്കിയതാണ് ഖുർആൻ എന്ന് ആരോപിക്കാൻ തന്നെ സാധ്യമല്ല. ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന പല പ്രമുഖ അറബി സാഹിത്യകാരൻമാരും ഖുർആൻ പാരായണം അൽപം കേട്ടമാത്രയിൽ തന്നെ അതിൻെറ അമാനുഷികതക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഖുർആനിനെ വിമർശിക്കാൻ പ്രതിയോഗികളാൽ നിയോഗിക്കപ്പെട്ട പലരും ഖുർആൻ ശകലങ്ങൾ കേട്ട് മുസ്ലിംകളായി മാറി.

ഖുർആനിലെ പല ശാസ്ത്രീയ പരാമർശങ്ങളും പിൽക്കാലത്ത് ശരിയാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. സൂര്യൻെറ ചലനവും ഗർഭപാത്രത്തിലെ ഭ്രൂണ വളർച്ചഘട്ടങ്ങളും അതിൽപ്പെടുന്നു. ആധുനിക ശാസ്ത്ര പഠനങ്ങളോ പഠനോപകരണങ്ങളോ ഇല്ലാത്ത കാലത്ത് അറേബ്യയിലെ മണലാരിണ്യത്തിൽ നിരക്ഷരനായി വളർന്ന മുഹമ്മദ് നബി(സ)ക്ക് സ്വയം എങ്ങിനെ ശാസ്ത്ര ബോധം ഉണ്ടാവാനാണ്. തെളിയിക്കപ്പെട്ട ശാസ്ത്ര സത്യങ്ങൾക്ക് വിരുദ്ധമായ ഒന്നും തന്നെ പരിശുദ്ധ ഖുർആനിൽ കാണാൻ സാധിക്കുകയില്ല.

## പ്രവാചകൻമാരിലുള്ള വിശ്വാസം

മനുഷ്യ സൃഷ്ടിയുടെ ഉദ്ദേശവും ലക്ഷ്യവും അല്ലാഹുവിന്



കീഴ്പ്പെടലും ആരാധിക്കലുമാണെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. മനുഷ്യൻെറ മോക്ഷത്തിനുള്ള നിദാനവും അതു തന്നെ. അല്ലാഹുവിൻെറ ആജ്ഞാഭിലാഷങ്ങൾ ജനങ്ങളിലെത്തിച്ചുകൊടുക്കുവാൻ അവൻ മനുഷ്യരിൽ നിന്നു തന്നെ തെരെഞ്ഞെടുക്കപ്പെടുന്ന ആളുകളാണ് പ്രവാചകൻമാർ. ഒരു മരണവീട്ടിൽ അല്ലെങ്കിൽ ഒരു കല്ല്യാണ വീട്ടിൽ കാര്യങ്ങൾ തിരക്ക്പിടിച്ചതും ആളുകൾ പരക്കം പാഞ്ഞുകൊണ്ടിരിക്കുകയും നിയന്ത്രണം നഷ്ടപ്പെട്ട് പോവുകയും ചെയ്യുമ്പോൾ കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ സാധിക്കുന്ന ഒരാൾ നിയന്ത്രണം ഏറ്റെടുത്ത് രംഗത്ത്വരുമ്പോൾ ആശ്വാസം തോന്നുമല്ലോ. ജീവിതത്തിൻെറ തിരക്കുകൾക്കിടയിൽ ആളുകൾ ഭൗതികതയിലും വഴിവിട്ട ആത്മീയതയിലും പരക്കം പായുമ്പോൾ സത്യത്തിൻേറയും ശരിയായ പാതയുടെയും വെളിച്ചവുമായി പ്രവാചകൻമാർ അവരിലേക്ക് നിയോഗിക്കപ്പെടുന്നു. വേദങ്ങളോടുകൂടി നിയോഗിക്കപ്പെട്ട പ്രവാചകൻമരും അല്ലാത്തവരുമുണ്ട് . ആകെ എത്ര പ്രവാചകൻമാർ ഉണ്ടായിട്ടുണ്ട് എന്ന് കൃത്യമായി പറയുകവെയ്യ. ഒരു ലക്ഷത്തിലധികം പ്രവാചകൻമാർ ഉണ്ടായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. പ്രധാനപ്പെട്ട എല്ലാ പ്രവാചകൻമാരെ സംബന്ധിച്ചും പരിശുദ്ധ ഖുർആനിൽ പരാമർശങ്ങളുണ്ട്.

തൻെറ നിയമങ്ങൾ മനുഷ്യർക്ക് എത്തിച്ചുകൊടുക്കുവാൻ എല്ലാ കാലത്തും അല്ലാഹു മാധ്യമമായി നിയോഗിച്ചിട്ടുള്ളത് മനുഷ്യരെ തന്നെയായിരുന്നു. അതായത് അല്ലാഹുവിൻെറ ദൂതൻമാർ മലക്കുകളായിരുന്നില്ല. ജിന്നുകളോ മറ്റു സൃഷ്ടികളോ ആയിരുന്നില്ല. അല്ലാഹു ഏതെങ്കിലും മനുഷ്യ രൂപമോ മനുഷ്യേതര രൂപമോ സ്വീകരിച്ച് ഭൂമിയിൽ പ്രത്യക്ഷപ്പെടുകയുമുണ്ടായിട്ടില്ല. ''പ്രവാചകരേ, താങ്കൾക്ക് മുമ്പ് നാം നിയോഗിച്ചിട്ടുള്ള പ്രവാചകൻമാരൊക്കെയും മനുഷ്യർ

തന്നെയായിരുന്നു. നാം അവർക്ക് ദിവ്യ സന്ദേശം അയച്ചുകൊണ്ടിരുന്നു." (ഖുർആൻ 12: 109) പ്രവാചകൻമാർ അല്ലാഹുവിൻെറ സന്ദേശങ്ങൾ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നവരായിരുന്നു. എന്നതിലുപരി അതിനെ ജീവിതത്തിൽ പകർത്തി ജനങ്ങൾക്ക് മാതൃകയായി നിലകൊള്ളുന്നവർക്കൂടിയായിരുന്നു.

രണ്ട് കാലിൽ എഴുന്നേറ്റ് നിന്ന് നേരെ നടന്ന് നീങ്ങുന്ന ഒരു മനുഷ്യൻ. അയാളുടെ കാലിന് ചെറിയ മുറിവ് പറ്റിയാൽ അൽപം നൊണ്ടി നടക്കുവാൻ തുടങ്ങുന്നു. കുറച്ചുകൂടി വലിയ മുറിവാണെങ്കിലോ വടി ഉപയോഗിച്ച് മെല്ലെ മെല്ലെ നിരങ്ങി നീങ്ങേണ്ടതായിട്ട് വരുന്നു. രണ്ടു കാലിനു മുറിവ് പറ്റിയാലൊ? അയാളെ ആരെങ്കിലും സഹായിക്കുക തന്നെ വേണം. അതിനാളില്ലെങ്കിലോ അയാൾ കമിഴ്ന്ന് കിടന്ന് മണ്ണിൽ നീന്തി നിരങ്ങുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിക്കാത്തവൻെറ അവസ്ഥ ഇതാണ്. അവന് സ്വന്തമായി ഉണ്ടാക്കിയ തത്വങ്ങളിലും തീരുമാനങ്ങളിലും നിഗമനങ്ങളിലും ഒരു കുരുടനെപ്പോലെ നീങ്ങിക്കൊണ്ടിരിക്കും. ചിലപ്പോൾ വീഴും. വീണ്ടും. എഴുന്നേൽക്കും. വീണ്ടും കുഴിയിൽ വീഴും.

"തൻെറ മുഖത്തിൻമേൽ കമഴ്ന്ന് വീണ് ഇഴഞ്ഞ് നീങ്ങുന്നവനാണോ ശരിയായ വഴിയിൽ? അതോ നേർവഴിയിൽ വടിവൊത്ത് നടക്കുന്നവനൊ? ഖുർആൻ 67:222

പ്രവാചകൻമാരെ പരിപൂർണ്ണമായി അനുസരിക്കലും പിന്തുടരലും നിർബന്ധമാകുന്നു? ദീനിൻേറയും ശരീഅത്തിൻേറയും വരുതിയിൽ പ്രവാചകൻ പറയുന്നത് അനുഷ്ടിക്കാൻ സത്യവിശ്വാസി വിസമ്മതം കാണിക്കാൻ പാടില്ല.

ആദം, നൂഹ്, ഇബ്രാഹീം, ലൂത്, ഇസ്മായിൽ ഇസ്ഹാഖ് യഅ്ക്കൂബ്, യൂസുഫ് , മൂസ്സ, ഹാറൂൻ, ശുഐബ്, ഹൂദ്, സ്വാലിഹ് ,



യൂനുസ്, ഇദ്‌രീസ്, ദാവൂദ് , സുലൈമാൻ, ദുൽകിഫിൽ, അയ്യൂബ് , യസഅ്, സക്കരിയ്യ, യഹ്‌യ, ഇൽയാസ്, ഈസാ , മുഹമ്മദ് എന്നിങ്ങനെ 25 പ്രവാചകൻമാരുടെ പേരുകൾ ഖുർആനിൽ എടുത്തു പറഞ്ഞിട്ടുണ്ട്. എല്ലാ പ്രവാചകൻമാരെയും അംഗീകരിക്കൽ സത്യവിശ്വാസികൾക്ക് നിർബന്ധമാണ്. എന്നാൽ അവരിലാരെയെങ്കിലും ആരാധിക്കൽ വൻ പാപങ്ങളിൽപ്പെട്ട ബഹുദൈവാരാധനയിൽ ഉൾപ്പെടുന്നു.

പ്രവാചകൻമാർ തിരിച്ചറിയപ്പെടുവാനും അവർ അനുസരിക്കപ്പെടുവാനും അവർക്ക് അമാനുഷികമായ ചില തെളിവുകൾ അല്ലാഹു നൽകിയിട്ടുണ്ടായിരുന്നു.

മൂസ്സാ നബിയുടെ വടി പാമ്പായി മാറി ഏകാധിപതിയായ ഫറോവയുടേയും അനുചരൻമാരുടേയും മുമ്പിൽ പ്രത്യക്ഷപ്പെട്ടതും മൂസ്സാ നബിയുടെ തന്നെ കൈ വെട്ടിതിളങ്ങുന്ന പ്രകാശമുള്ളതായി മാറിയതും അതിൽ ഉൾപ്പെടുന്നു. ഇത് മാന്ത്രിക വിദ്യയാണെന്ന് സ്ഥാപിക്കാൻ ഏറ്റവും നല്ല മന്ത്ര വാദികളെ ഹാജരാക്കി മത്സരം സംഘടിപ്പിച്ച ഫറോവക്ക് മന്ത്ര വാദികൾ മൂസ്സായുടെ തെളിവുകൾക്ക് മുമ്പിൽ പരാജയപ്പെടുകയും അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്തതാണ് കാണാൻ സാധിച്ചത്. അഗ്നിയിലേക്ക് എറിയപ്പെട്ട ഇബ്രാഹീം നബി ഒരു പോറലുമേൽക്കാതെ രക്ഷപെട്ടതും വടിക്കൊണ്ടടിച്ചപ്പോൾ മൂസ്സാ നബിക്കും ഇസ്രായീൽ സന്തതികൾക്കും മുമ്പിൽ ചെങ്കടൽ പിളർന്ന സംഭവവും, ഈസാ നബി മരിച്ചവരെ ജീവിപ്പിച്ചതും, കുരുടന് കാഴ്ച്ച നൽകിയതും വെള്ളപ്പാണ്ട് സുഖപ്പെടുത്തിയതും അതിൽ ഉൾപ്പെടുന്നു. മുഹമ്മദ് നബി(സ)ക്കും ഇത്തരം ചില അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രവാചകൻമാർക്ക് അല്ലാഹു അറിയിച്ചുകൊടുക്കുന്ന ദിവ്യ ജ്ഞാനമാണ് "വഹ്‌യ്" എന്ന് പറയപ്പെടുന്നത്. വേദങ്ങളും അതല്ലാതെ അപ്പപ്പോൾ അറിയിച്ച്കൊടുക്കുന്ന മറ്റ് വിവരങ്ങളും "വഹ്‌യി"ൽ